പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3633 — 20.06.2019 ൽ മറുപടിക്ക്

## ആയുഷ്മാൻ ഭാരത് പദ്ധതി

| | ചോദ്യം<br>ശ്രീ.അൻവർ സാദത്ത് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ആയുഷ്മാൻ ഭാരത് പദ്ധതിയുടെ എം.ഒ.യു.വിൽ ഇത് നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരുകൾക്ക് മതിയായ സ്വാതന്ത്ര്യം നൽകാത്ത സാഹചര്യം ഉണ്ടായിരുന്നോ; വിശദമാക്കുമോ; | (എ) | ആർ എസ് ബി വൈ ക്കു പകരമായി കേന്ദ്ര സർക്കാർ കൊണ്ടുവന്ന ആയുഷ്മാൻ ഭാരത് - പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന പദ്ധതി (AB-PMJAY) സംസ്ഥാനത്തു നടപ്പാക്കുമ്പോൾ നിലവിൽ സോഷ്യൽ ഇക്കണോമിക് കാസ്റ്റ് സെൻസസ് 2011 (SECC) -ൽ ദുർബല വിഭാഗങ്ങളായി കണക്കാക്കിയിട്ടുള്ള 18 58 ലക്ഷം കുടുംബങ്ങൾക്കു മാത്രമേ പദ്ധതിയുടെ ആനുകൂല്യം ലഭ്യമായിരുന്നുള്ളു. തുടർന്ന് സംസ്ഥാന സർക്കാരിന്റെ ഇടപെടൽ മൂലം ആർ എസ് ബി വൈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അംഗങ്ങളെ കൂടി AB-PMJAY പദ്ധതിയിൽ ഉൾപ്പെടുത്തി അങ്ങനെ 21.57 ലക്ഷം കുടുംബങ്ങളെ മേൽപ്പടി പദ്ധതിയുടെ ഗുണഭോക്താക്കളാക്കി കേന്ദ്ര സർക്കാർ നിശ്ചയിച്ചു. |
| (ബി) | സംസ്ഥാന സർക്കാർ പ്രസ്തുത വ്യവസ്ഥകളിൽ മാറ്റം ആവശ്യപ്പെട്ടിരുന്നോ; ഇതുപ്രകാരം കേന്ദ്ര സർക്കാർ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയത്; | (ബി) | |
| (സി) | ഈ പദ്ധതി പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | ആയുഷ്മാൻ ഭാരത് - പ്രധാനമന്ത്രി ജാൻ ആരോഗ്യ യോജന (AB-PMJAY) പദ്ധതിയുമായി ചേർന്നുകൊണ്ട് സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) പ്രകാരം തിരഞ്ഞെടുത്ത കുടുംബത്തിന് അഞ്ചു ലക്ഷം രൂപ വരെയുള്ള സൗജന്യ ആരോഗ്യ ചികിത്സ തിരഞ്ഞെടുത്ത സർക്കാർ/ സ്വകാര്യ/ സഹകരണ ആശുപത്രികൾ വഴി ഓരോ വർഷവും ലഭ്യമാകും. മാത്രമല്ല രാജ്യത്തെ ആയുഷ്മാൻ ഭാരത് പദ്ധതിയിൽ അംഗമായിട്ടുള്ള എല്ലാ ആശുപത്രികളിലും ചികിത്സ ലഭ്യമാകും. |
| (ഡി) | ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംസ്ഥാന സർക്കാരിന്റെ നിലവിലുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾ എല്ലാം യോജിപ്പിച്ചുകൊണ്ടാണോ; വിശദാംശം നൽകുമോ; | (ഡി) | ആയുഷ്മാൻ ഭാരത് - പ്രധാനമന്ത്രി ജാൻ ആരോഗ്യ യോജന (AB -PMJAY) പദ്ധതി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) എന്ന പേരിൽ സംസ്ഥാനത്തു നിലവിൽ ഉണ്ടായിരുന്ന ആർ എസ് ബി വൈ ചിസ് ചിസ് പ്ലസ് എസ് ചിസ് കാരുണ്യ എന്നി |

| | | | |
|---|---|---|---|
| | | | പദ്ധതികൾ സംയോജിപ്പിച്ച് കൊണ്ട് 2019 ഏപ്രിൽ 1 മുതൽ സംസ്ഥാനത്ത് നിലവിൽ വന്നു. കേന്ദ്രവും സംസ്ഥാനവും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ആയുഷ്മാൻ ഭാരത് - പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന / കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (AB-PMJAY/KASP). ഈ പദ്ധതി വഴി ഒരു കുടുംബത്തിന് അഞ്ച് ലക്ഷം രൂപ വരെയുള്ള ചികിത്സ സഹായം തിരഞ്ഞെടുത്ത ആശുപത്രികൾ വഴി ലഭ്യമാകും.<br><br>നേരത്തേ ആർ എസ് ബി വൈ/ ചിസ് പദ്ധതിയിൽ ഒരു കുടുംബത്തിന് 30,000/- രൂപയുടെ സൗജന്യ ചികിത്സയും ചിസ് പ്ലസ് പദ്ധതി വഴി 70,000/- രൂപയുടെ ചികിത്സയും എസ് ചിസ് (SCHIS) പദ്ധതി വഴി മുതിർന്ന പൗരന്മാർക്ക ആർ എസ് ബി വൈ/ ചിസ് പദ്ധതി കൂടാതെ അധികമായി 30,000 രൂപയുടെ ചികിത്സ സഹായവും ലഭ്യമായിരുന്നു. |

സെക്ഷൻ ഓഫീസർ